"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - തിരുവനന്തപുരം സംസ്ഥാന ആസൂത്രണ ബോർഡ് എൽ.ഡി ടൈപ്പിസ്റ്റ് ശ്രീ.സുധീഷ്.സി.വി-യുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐഎ)വകുപ്പ്**

**G.O.(Rt)No.1524/2026/LSGD** തീയതി,തിരുവനന്തപുരം, **14-08-2026**

---

പരാമർശം:-

1. **10.05.2013**-ലെ **42/2013**/ധന നം.സർക്കുലർ
2. **28.11.2013**-ലെ സ.ഉ.(പി)നം.**580/2013**/ധന
3. **02.07.2025**-ലെ സ.ഉ.(സാധാ)നം.**1642/2025**/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ **03.06.2026**-ലെ **1568/E1/2024/KSHO** നമ്പർ കത്ത്.
5. ശ്രീ.വിജയൻ സമർപ്പിച്ച **31.07.2026**-ലെ അപേക്ഷ.

**ഉത്തരവ്**

തിരുവനന്തപുരം സംസ്ഥാന ആസൂത്രണ ബോർഡ് എൽ.ഡി ടൈപ്പിസ്റ്റ് ശ്രീ.സുധീഷ്.സി.വി- യുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവന കാലാവധി **17.08.2026-ന്** അവസാനിക്കുന്നതിനാൽ ടിയാളുടെ അന്യത്ര സേവന കാലാവധി **18.08.2026** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം **(4)** പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ അന്യത്രസേവനം അവസാനിപ്പിച്ച് മാതൃ വകുപ്പിലേക്ക് തിരിച്ചയക്കുവാനും ഒഴിവു നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ഉത്തരവാകുകയും ഈ വിവരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു.

**2)**എന്നാൽ നിലവിൽ ബൈപാസ് സർജറി കഴിഞ്ഞ് വീട്ടിൽ കഴിയുന്നതിനാൽ മകന്റെ സാമീപ്യം കൂടി ആവശ്യമുള്ള സ്ഥിതിക്ക് ദയാപരമായ സമീപനം കൈക്കൊള്ളണമെന്നും, ശ്രീ.സുധീഷ്.സി.വി-യുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവന കാലാവധി **18.08.2026** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്നും ശ്രീ.സുധീഷ്.സി.വി-യുടെ പിതാവ് ശ്രീ.വിജയൻ പരാമർശം **(5)** പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

**3)**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സംസ്ഥാന ആസൂത്രണ ബോർഡ് എൽ.ഡി ടൈപ്പിസ്റ്റ് ശ്രീ.സുധീഷ്.സി.വി-യുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം-**1**, ചട്ടം **140** (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം **(1)** സർക്കുലറിലെയും പരാമർശം **(2)** ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **18.08.2026** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**D DHARMALASHRI I A S**

**JOINT SECRETARY**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ. സുധീഷ് സി വി, എൽ.ഡി ടൈപ്പിസ്റ്റ്, സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം (മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം മുഖേന)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി **(IA1/260/2026-LSGD)**

ഉത്തരവിൻ പ്രകാരം

Digitally signed by
Pradeep Kumar. C. O
Date: 14-08-2026
14:41:49

സെക്ഷൻ ഓഫീസർ